"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് - തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് വിതരണ പദ്ധതിയിൽ പുതിയ കോഴ്സുകൾ ഉൾപ്പെടുത്തുന്നതിനുള്ള ബോർഡ് യോഗതീരുമാനത്തിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.15/2026/LBR തീയതി,തിരുവനന്തപുരം, 05-01-2026**

---

പരാമർശം:-

1. 18.01.2024-ലെ (സാധാ) നം. 61/2024/തൊഴിൽ.
2. 20.08.2025-ലെ 703-ാമത് ബോർഡ് യോഗതീരുമാനം
3. 27.08.2025-ലെ ചീഫ് വെൽഫെയർഫണ്ട് ഇൻസ്പെക്ടറുടെ KTWWFB/1233/2025-CELL2 നമ്പർ കത്ത്.

**ഉത്തരവ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ രജിസ്റ്റേർഡ് തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് വിതരണ പദ്ധതിയിൽ പരാമർശം (1) പ്രകാരം ഡിഗ്രി കോഴ്സുകളായി ചേർത്തിട്ടുള്ള ബി.എസ്.സി അഗ്രികൾച്ചർ, ബി എസ്.സി എം.എൽ.ടി എന്നീ കോഴ്സുകൾ പ്രൊഫഷണൽ കോഴ്സുകളായി പരിഗണിച്ച് സ്കോളർഷിപ്പ് തുകയിൽമാറ്റം വരുത്തുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും സർക്കാർ അംഗീകരിച്ചിട്ടുള്ള നിലവിലെ നിരക്കിൽ (6000/- രൂപ) സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നതിനുള്ള പരാമർശം (2) ബോർഡ് യോഗതീരുമാനത്തിന് അംഗീകാരം നൽകണമെന്ന് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. പരാമർശം (1)-ൽ ഡിഗ്രി കോഴ്സുകളായി ചേർത്തിട്ടുള്ള ബി.എസ്.സി അഗ്രികൾച്ചർ, ബി എസ്.സി എം.എൽ.ടി എന്നീ കോഴ്സുകൾ പ്രൊഫഷണൽ കോഴ്സുകളായി പരിഗണിച്ച് സ്കോളർഷിപ്പ് തുകയിൽമാറ്റം വരുത്തുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള എല്ലാ പ്രൊഫഷണൽ കോഴ്സുകൾക്കും സർക്കാർ അംഗീകരിച്ചിട്ടുള്ള നിലവിലെ നിരക്കിൽ (6000/- രൂപ) സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നതിനുമുള്ള പരാമർശം (2) ബോർഡ് യോഗം തീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ രജിസ്റ്റേർഡ് തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് വിതരണം ഉൾപ്പെടുത്തി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള പ്രപ്പോസൽ അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കുവാൻ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ.ചന്ദ്ര
അഡിഷണൽ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Abhilash S S
Date: 06-01-2026 11:10:14

സെക്ഷൻ ഓഫീസർ

പകർപ്പ് - പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്-ന്